(ഇ) കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കിയും സംസ്ഥാന സർക്കാർ കൂടുതൽ തുക അനുവദിച്ചും ഈ സ്ഥാപനത്തെ ഒരു സാംസ്കാരിക സർവ്വകലാശാലയായി ഉയർത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ബി. എ. (ബാച്ചിലർ ഓഫ് പെർഫോമിംഗ് ആർട്സ്) പരീക്ഷ കാലടി ശ്രീ. ശങ്കരാചാര്യ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടുകൂടി നടത്തുന്നതും തുല്യ വർഷത്തെ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്തുകൊണ്ടും ചെയ്തു. കലാമണ്ഡലം ആർട്ട് ഹൈസ്ക്കൂൾ എയ്ഡഡ് ആക്കി ഉയർത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. കലാസാംസ്കാരം എന്ന പേരിൽ പുതിയൊരു കൈപ്പുസ്തകം തുടങ്ങിച്ചു. കോഴ്സുകൾ പ്രവർത്തിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കലാമണ്ഡലത്തിലെ വിദ്യാർത്ഥികളുടെ വർച്ചയ്ക്കുവേണ്ടി നിരവധി സെമിനാറുകളും സംഗീതികം എന്ന പേരിൽ കലാസാംസ്കാരിക പരിപാടികളും നടത്തിവരുന്നു. യുനെസ്കോയുടെ സാമ്പത്തിക സഹായത്തോടുകൂടി കൂടിയാട്ടത്തിന്റെ പ്രചാരണം ലക്ഷ്യമാക്കി കൂടിയാട്ട മഹോത്സവങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ നടത്തി. കൃഷ്ണനാട്ടം സ്റ്റേജ്, ഓഡിറ്റോറിയം ലോഞ്ച് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി. പെൺകുട്ടികൾക്കുവേണ്ടി ഹോസ്റ്റൽ നിർമ്മാണത്തിനു തറക്കല്ലിട്ടു. കൊച്ചുറൽ ടൂറിസം പദ്ധതി നടപ്പാക്കി. 'എ ഡേ വിത്ത് ദി മാസ്റ്റേഴ്സ്' എന്ന പദ്ധതി തുടങ്ങി.

(ബി) എ. എച്ച്. എസ്. എസ്. സി., ഹയർ സെക്കണ്ടറി, ഡിഗ്രി (ബി. പി. എ.) ഡിപ്ലോമ കോഴ്സുകൾ നിലവിലുണ്ട്.

(സി) ഉണ്ട്.

(ഡി) കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

(ഇ) സർവ്വകലാശാലയാക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

ആധുനിക കേരളത്തിന്റെ സമഗ്രമായ സാംസ്കാരിക ചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ നടപടി

7 [22^06] ഡോ. എ: നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് പിന്നാക്കവിഭാഗ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

തിരുവിതാംകൂർ, കൊച്ചി എന്നീ പഴയ നാട്ടുരാജ്യങ്ങളും ബ്രിട്ടിഷ് ഇൻഡ്യയുടെ ഭാഗമായിരുന്ന പഴയ മലബാറും ഒരുമിച്ച് ചേർന്ന് രൂപവൽക്കരിക്കപ്പെട്ട ആധുനിക കേരളത്തിന്റെ സമഗ്രമായ സാംസ്കാരിക ചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

കൊച്ചുറൽ ഹിസ്റ്ററി ഓഫ് കേരള (വോള്യം–I) എന്ന പേരിൽ ഒരു പുസ്തകം 1999–ൽ സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആധുനിക കേരളത്തിന്റെ സമഗ്രമായ സാംസ്ക്കാരിക ചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly